**പതിനഞ്ചാം കേരള നിയമസഭ**

# മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

**പതിനഞ്ചാമത് റിപ്പോർട്ട്**

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം

**സംബന്ധിച്ച സമിതി(2019-2021)യുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് (2019 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച പരാതികൾ/ വിഷയങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

**പതിനഞ്ചാം കേരള നിയമസഭ**

# മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

**പതിനഞ്ചാമത് റിപ്പോർട്ട്**

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി(2019-2021)യുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് (2019 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച പരാതികൾ/ വിഷയങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്)**

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | - | v |
| ആമുഖം | - | vii |
| റിപ്പോർട്ട് | - | 1. |

## <u>സമിതിയുടെ ഘടന</u>

**<u>ചെയർപേഴ്സൺ</u> :**

**ശ്രീ. പി.പി. ചിത്തരഞ്ജൻ**

**<u>അംഗങ്ങൾ</u>** :

ശ്രീ. എൻ.കെ. അക്ബർ,

ശ്രീ. അനൂപ് ജേക്കബ്

ശ്രീമതി കാനത്തിൽ ജമീല*

ശ്രീ. കെ.ജെ. മാക്സി,

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. എം. നൗഷാദ്

ശ്രീ. വി. ശശി

ശ്രീ. എം. വിൻസെന്റ്

**<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>** :

ഡോ.എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. കെ.ജി. ത്രിദീപ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി പ്രീത കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.ഷിഹാബുദീൻ എം., അണ്ടർ സെക്രട്ടറി

---

*2025 നവംബർ മാസം 29-ാം തീയതി അന്തരിച്ചു.

## ആമുഖം

പതിനഞ്ചാം കേരള നിയമസഭയിലെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി(2023-2026)യുടെ ചെയർപേഴ്സൺ ആയ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി(2019-2021) 2019 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിൽ പരിഗണിച്ച പരാതികൾ/വിഷയങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ സമിതി(2019-2021)യുടെ അഞ്ചാമത് റിപ്പോർട്ട് 2021 ജനുവരി 14-ാം തീയതി സഭയിൽ സമർപ്പിച്ചു. സമിതിയ്ക്ക് ലഭിച്ച പരാതികളുടെയും സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെയും ജില്ലാതല യോഗങ്ങളിൽ നടത്തിയ തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിലെ ശിപാർശകളും അതിൻമേൽ മത്സ്യബന്ധന തുറമുഖം, ഭക്ഷ്യപൊതുവിതരണം, എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടി റിപ്പോർട്ടുകളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

2026 ഫെബ്രുവരി 3-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പി.പി. ചിത്തരഞ്ജൻ,
ചെയർപേഴ്സൺ,
മത്സ്യത്തൊഴിലാളികളുടെയും
അനുബന്ധ തൊഴിലാളികളുടെയും
ക്ഷേമം സംബന്ധിച്ച സമിതി

തിരുവനന്തപുരം,
2026 ഫെബ്രുവരി 05

## റിപ്പോർട്ട്

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021) 2019 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച പരാതികൾ/വിഷയങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ സമിതി(2019-2021)യുടെ അഞ്ചാമത് റിപ്പോർട്ട് 2021 ജനുവരി 14-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.സമിതിയ്ക്ക് ലഭിച്ച പരാതികളുടെയും സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെയും ജില്ലാതല യോഗങ്ങളിൽ നടത്തിയ തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിൽ 11 ശിപാർശകൾ ഉണ്ടായിരുന്നു. പ്രസ്തുത ശിപാർശകളിൻമേൽ നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പകർപ്പ് 27.10.2021-ൽ മത്സ്യബന്ധന തുറമുഖം,പാർലമെന്ററികാര്യം എന്നീ വകുപ്പുകൾക്ക് അയച്ചു കൊടുത്തിരുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിൻമേൽ മത്സ്യബന്ധന തുറമുഖം,ഭക്ഷ്യപൊതുവിതരണം, എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടി റിപ്പോർട്ടുകളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

| ക്രമ നം. | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1. | ഉൾനാടൻ മത്സ്യമേഖലയുടെ സമഗ്രവികസനത്തിനും ഉൾനാടൻ മത്സ്യോല്പാദന വർദ്ധനവിനുമായി ഊർജ്ജിത പദ്ധതികൾ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നം.6)** | **<u>മത്സ്യബന്ധന തുറമുഖ(സി) വകുപ്പ് (18-03-2025-ലെ സി1/197/2024/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>കേരളത്തിലെ ഉൾനാടൻ മത്സ്യോല്പാദന വർദ്ധനവിനായി മത്സ്യ കൃഷി രീതികൾ, മത്സ്യ ഇനങ്ങൾ എന്നിവയുടെ വൈവിധ്യവൽക്കരണ ത്തിലൂടെ നടപ്പിലാക്കിയ മത്സ്യകൃഷി പദ്ധതികളിലൂടെയും ഉൾനാടൻ ജലാശയ ങ്ങളിലെ മത്സ്യ വിത്ത് നിക്ഷേപം, മത്സ്യസമ്പത്ത് സംരക്ഷണം എന്നിവ യിൽ ഊന്നൽ നൽകികൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കുക വഴിയും |

| | | |
|---|---|---|
| | | ഉൾനാടൻ മത്സ്യോൽപ്പാദനം 2021-22 ൽ 2.25 ലക്ഷം മെട്രിക് ടൺ ഉൽപാദനം 2023-24-ൽ 2.51 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞു.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള 3575 കുളങ്ങളിൽ പൊതുജന പങ്കാളിത്തത്തോടെ മത്സ്യകൃഷി നടപ്പിലാക്കി. റിസർവോയർ പദ്ധതി പ്രകാരം സംസ്ഥാനത്ത് 12 റിസർവ്വോയറുകളിൽ വർഷം തോറും 78-80 ലക്ഷം വരെ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചു വരുന്നു. ഇത് വഴി 4172 മെട്രിക് ടൺ മത്സ്യം ഉൽപ്പാദിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. തദ്ദേശീയ മത്സ്യവിത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 539 എണ്ണം പിന്നാമ്പുറങ്ങളിലെ വരാൽ, കരിമീൻ മത്സ്യ വിത്തുൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുകയും 97.51 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2022 വർഷം മുതൽ നടപ്പിലാക്കുന്ന സംയോജിത മത്സ്യ വിഭവ പരിപാലന (Integrated Fishery Management) പദ്ധതിയുടെ ഭാഗമായി പ്രതിവർഷം 164 ലക്ഷം കാർപ്പ്, ചെമ്മീൻ, കരിമീൻ മത്സ്യക്കുഞ്ഞുങ്ങളെ തെരഞ്ഞെടുത്ത 8 ജലാശയങ്ങളിൽ നിക്ഷേപിക്കുകയും വേമ്പനാട്, അഷ്ടമുടി കായലുകളിലും വാമനപുരം നദിയിലും മത്സ്യ/കക്ക സംരക്ഷിത പ്രദേശങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.മത്സ്യക്കുഞ്ഞുങ്ങളുടെ അതിജീവന നിരക്ക് പ്രത്യേക നഴ്സറി പരിപാലനത്തിലൂടെ 30--60% എന്നത് 60-90% ആയി ഉയർത്താൻ സാധിച്ചു. എയറേഷൻ, ജൈവസുരക്ഷ, പ്രോബയോട്ടിക്കുകളുടെ ഉപയോഗം എന്നീ ശാസ്ത്രീയമായ രീതിയിലൂടെ രോഗസാദ്ധ്യത കുറയ്ക്കുന്നതിനും ഉല്പാദനക്ഷമത 0.5-3 മെട്രിക് ടൺ ആയിരുന്നത് 1.5-4 മെട്രിക് ടണ്ണായി ഉയർത്താനും സാധിച്ചു. ഉൽപാദനക്ഷമത കുറഞ്ഞ പൊതുജലാശയങ്ങളിൽ മത്സ്യ കൃഷി നടത്തുന്നതിനും അത് വഴി മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും മത്സ്യ കർഷകർക്കും തൊഴിലാളികൾക്കും സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും വലവളപ്പുകൾ നിർമ്മിച്ചും പരിസ്ഥിതി സൗഹൃദ രീതിയിൽ താൽക്കാലിക തടയണകൾ കെട്ടിയും തദ്ദേശീയ മത്സ്യ വിത്ത് നിക്ഷേപിച്ച് ശാസ്ത്രീയ പരിപാലന രീതിയിൽ വളർത്തിയെടുക്കുന്ന എംബാങ്ക്മെൻറ് പദ്ധതി 25 |

| | | |
|---|---|---|
| | | ഹെക്ടർ പ്രദേശത്ത് നടപ്പിലാക്കുകയും 35 പെൻ കൾച്ചർ യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തു.<br>സർക്കാർ/സർക്കാർ ഏജൻസി ഹാച്ചറികളിൽ നിന്നുമുള്ള മത്സ്യ/ചെമ്മീൻ വിത്ത് ഉല്പാദനം 2022-23 ൽ 1200.55 ലക്ഷം ഉണ്ടായിരുന്നത് 2023-24 ൽ 1339.78 ലക്ഷം ആയി വർദ്ധിച്ചിട്ടുണ്ട്.<br>കേരളത്തിലെ ഉൾനാടൻ മത്സ്യോല്പാദനം 2021-22 വർഷത്തിൽ 2.25 ലക്ഷം മെട്രിക് ടൺ, 2022-23 ൽ 2.29 ലക്ഷം മെട്രിക് ടൺ, 2023-24 ൽ 2.51 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. കക്ക ഉല്പാദനം 2022-23-ൽ 85750 മെട്രിക് ടൺ ഉണ്ടായിരുന്നത് 2023-24 ൽ 89577 മെട്രിക് ടൺ ആയി വർദ്ധിക്കുകയുണ്ടായി.<br>(05.06.2025-ലെ സമിതി യോഗം അംഗീകരിച്ചു) |
| 2. | കേന്ദ്ര ഫിഷറീസ് വകുപ്പ് നിലവിൽ വന്ന സ്ഥിതിക്ക് മത്സ്യബന്ധന മേഖലയിലെ മണ്ണെണ്ണയുടെ ആവശ്യകത ചൂണ്ടിക്കാട്ടി പ്രസ്തുത മേഖലയ്ക്ക് പ്രത്യേക മണ്ണെണ്ണ അനുവദിക്കുക എന്ന ആവശ്യത്തിന് അനുകൂലമായ നടപടി നേടിയെടുക്കാനാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.<br>**(ഖണ്ഡിക നം.8)** | **<u>ഭക്ഷ്യപൊതുവിതരണ(ഡി) വകുപ്പ്</u>**<br>**<u>(10-01-2022-ലെ 5643440/ഡി3/2021/ഭ.പൊ.വി.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>സംസ്ഥാനത്ത് കാർഷിക/മത്സ്യബന്ധന ആവശ്യത്തിനും ഉത്സവ വേളകളിലും പ്രകൃതി ദുരന്ത സാഹചര്യങ്ങളിലും കേന്ദ്രം അനുവദിക്കുന്ന നോൺ-സബ്സിഡി മണ്ണെണ്ണയിൽ നിന്നുമാണ് മത്സ്യബന്ധന മേഖലയ്ക്ക് 2018 മുതൽ പെർമിറ്റ് അടിസ്ഥാനത്തിൽ മണ്ണെണ്ണ നല്കി വരുന്നത്. 2018 ലെ പ്രളയ കാലത്താണ് നോൺ-സബ്സിഡി മണ്ണെണ്ണയായി 12000 കിലോ ലിറ്റർ കേന്ദ്രം ആദ്യമായി അനുവദിച്ചത്. തുടർന്ന് 2019-20 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ അനുവദിച്ച 4632 കിലോ ലിറ്ററിന് പുറമെ 03.07.2019 ലെ 3096835/D3/2019/F&CSD കത്തു പ്രകാരം 10476 കിലോ ലിറ്റർ നോൺ സബ്സിഡി മണ്ണെണ്ണയുടെ അധിക ആവശ്യകത കേന്ദ്രത്തോട് ആവശ്യപ്പെടുകയുണ്ടായി. ടി സാമ്പത്തിക വർഷത്തിൽ 15108 കിലോ ലിറ്റർ മണ്ണെണ്ണ ലഭ്യമാകുകയും ആയത് പൂർണ്ണമായും മത്സ്യബന്ധന മേഖലയ്ക്ക് അനുവദിക്കുകയും ചെയ്തിരുന്നു. തുടർന്ന് 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ അനുവദിച്ച 3468 കിലോ ലിറ്ററിന് പുറമെ 31236 കിലോ ലിറ്റർ നോൺ സബ്സിഡി മണ്ണെണ്ണ 06.08.2020 & 25.08.2020 തീയതികളിലെ 3096835/D3/2019/F&CSD കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു എങ്കിലും 15108 കിലോ ലിറ്റർ നോൺ-സബ്സിഡൈസ്ഡ് മണ്ണെണ്ണ മാത്രമാണ് |

വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായത്.ആയത് പൂർണ്ണമായും മത്സ്യബന്ധന മേഖലയ്ക്ക് അനുവദിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ, 25.03.2021, 20.04.2021 & 04.05.2021 തീയതികളിലെ 3096835/D3/2019/F&CSD കത്തു പ്രകാരം 25344 കിലോ ലിറ്റർ നോൺ-സബ്സിഡൈസ്ഡ് മണ്ണെണ്ണ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 15108 കിലോ ലിറ്റർ മാത്രമാണ് ലഭ്യമായത്.ആയതിനാൽ 08.10.2021 ലെ കത്തു പ്രകാരം 9900 കിലോ ലിറ്റർ കൂടി ആവശ്യപ്പെടുകയുണ്ടായി. ടി സാമ്പത്തിക വർഷത്തിൽ 21888 കിലോ ലിറ്റർ മണ്ണെണ്ണ നോൺ സബ്സിഡി ഇനത്തിൽ ഇതുവരെ ലഭ്യമായിട്ടുണ്ട്. ടി സാമ്പത്തിക വർഷത്തിൽ മത്സ്യബന്ധന മേഖലയ്ക്ക് പെർമിറ്റ് അടിസ്ഥാനത്തിൽ ആവശ്യകതയുടെ 75% കുറവ് ഒരു മാസത്തിൽ പോലും നല്കിയിട്ടില്ല. നിലവിലെ ഫിഷിംഗ് പെർമിറ്റുകളുടെ അടിസ്ഥാനത്തിൽ മത്സ്യബന്ധന മേഖലയ്ക്ക് ഒരു മാസം 100% ആവശ്യമായി വരുന്ന മണ്ണെണ്ണ 1980 കിലോ ലിറ്റർ ആണ്.

പ്രകൃതി ദുരന്തം, കാർഷിക ആവശ്യങ്ങൾ, മത്സ്യബന്ധനം എന്നീ ആവശ്യങ്ങൾക്കായാണ് നോൺ സബ്സിഡി മണ്ണെണ്ണ (സ്പെഷ്യൽ അലോക്കേഷൻ) കേന്ദ്ര സർക്കാർ അനുവദിക്കുന്നത്. ഡിസംബർ മാസം മത്സ്യബന്ധനത്തിനായി 100% മണ്ണെണ്ണ നല്കിയിട്ടുണ്ട്. ജനവരി മാസത്തിൽ 50% മണ്ണെണ്ണ അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്.

2018 മുതൽ സംസ്ഥാനത്തിന് ലഭിച്ച നോൺ സബ്സിഡി മണ്ണെണ്ണയുടെ വിവരം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | കേന്ദ്രസർക്കാരിൽ നിന്ന് ആവശ്യപ്പെട്ടത് (കിലോ ലിറ്ററിൽ) | ആകെ ലഭ്യമായത് (കിലോ ലിറ്റർ) |
|---|---|---|
| 2018 | പ്രളയത്തോടനുബന്ധിച്ച് കേന്ദ്രസർക്കാർ 12000KL അനുവദിച്ചു. | 12000 |
| 2019-20 | കേന്ദ്രസർക്കാർ അനുവദിച്ച 4632 KL ന് പുറമെ 10476 KL | 15108 |

<table>
<tr>
<td></td>
<td><u>25.03.2022-ലെ സമിതി യോഗം നൽകിയ തുടർ ശിപാർശ.</u><br>സിവിൽ സപ്ലൈസ് ഏജൻസികളെ ഒഴിവാക്കി നോൺ സബ്സിഡി ഇനത്തിൽ ലഭിക്കുന്ന മണ്ണെണ്ണ മത്സ്യഫെഡ് മുഖാന്തരം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഭക്ഷ്യ-സിവിൽ സപ്ലൈസ്,മത്സ്യബന്ധന തുറമുഖം എന്നീ വകുപ്പുകളോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.</td>
<td>
<table>
<tr><td></td><td>ആവശ്യപ്പെട്ടു.</td><td></td></tr>
<tr><td>2020-21</td><td>34704</td><td>15108</td></tr>
<tr><td>2021-22</td><td>25344</td><td>21888<br>(2021<br>ഡിസംബർ<br>വരെ)</td></tr>
</table>
കേന്ദ്രസർക്കാരിൽ നിന്നും നോൺ സബ്സിഡി ഇനത്തിൽ ലഭിക്കുന്ന മണ്ണെണ്ണയിൽ കുറവു വരുന്നത് മൂലമാണ് മത്സ്യബന്ധന മേഖലയ്ക്ക് മണ്ണെണ്ണ വിഹിതം കുറയുന്നത്.<br>(25.03.2022-ലെ സമിതി യോഗം പരിഗണിയ്ക്കുകയും തുടർ ശിപാർശ നൽകുകയും ചെയ്തു.)<br><br>
<u>ഭക്ഷ്യപൊതുവിതരണ(ഡി) വകുപ്പ്</u><br>
<u>(05.05.2023-ലെ ഡി3/139/2022/ഭ.പൊ.വി.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u><br>
സംസ്ഥാനത്ത് നിലവിലുള്ള 14332 മത്സ്യബന്ധന മണ്ണെണ്ണ പെർമിറ്റുകൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന നോൺ - സബ്സിഡി മണ്ണെണ്ണയാണ് (നീല മണ്ണെണ്ണ) വിതരണം ചെയ്യുന്നത്. വകുപ്പിന്റെ കീഴിലുള്ള 60 ഓളം മണ്ണെണ്ണ മൊത്ത വിതരണ കേന്ദ്രങ്ങളിൽ നിന്നുമാണ് അവ വിതരണം ചെയ്യുന്നത്. മത്സ്യഫെഡിന്റെ നിലവിലുള്ള ഔട്ട് ലെറ്റുകളിൽ നിന്നും സബ്സിഡി ഇല്ലാത്ത (വെള്ള) മണ്ണെണ്ണ മത്സ്യബന്ധന പെർമിറ്റുകൾക്ക് വിതരണം ചെയ്ത് വരുന്നുണ്ട്. എന്നാൽ നോൺ സബ്സിഡി (നീല) മണ്ണെണ്ണ മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്നുവെങ്കിൽ നീല മണ്ണെണ്ണയും, വെള്ള മണ്ണെണ്ണയും സൂക്ഷിക്കുന്നതിന് പ്രത്യേകം ഭൂഗർഭസംഭരണികളും, ഡിസ്പെൻസിങ് യൂണിറ്റും സ്ഥാപിക്കുന്നതിന് അധിക ചെലവ് വരുന്നതാണ്. അതോടൊപ്പം ആകെ 13 ബങ്കുകൾ മാത്രമുള്ള മത്സ്യഫെഡിനെ, നോൺ സബ്സിഡി മണ്ണെണ്ണയുടെ വിതരണം ഏൽപ്പിക്കുകയാണെങ്കിൽ, പെർമിറ്റ് ഉള്ളവർക്ക് മണ്ണെണ്ണ ലഭിക്കുന്നതിനായി വിദൂര പ്രദേശങ്ങളിലെ ബങ്കുകളെ ആശ്രയിക്കേണ്ടി വരുന്നതിനാൽ ആയത് അവർക്ക് കൂടുതൽ ബാധ്യത ഉണ്ടാക്കും. സംസ്ഥാനത്ത് സബ്സിഡി, നോൺ
</td>
</tr>
</table>

| | | |
|---|---|---|
| | | -സബ്സിഡി മണ്ണെണ്ണ എന്നിവ ഓയിൽ കമ്പനിയിൽ നിന്നും വിട്ടെടുത്ത് വിതരണം നടത്തുന്നത് മണ്ണെണ്ണ മൊത്തവ്യാപാരികൾ വഴിയാണ്.കേന്ദ്ര സർക്കാർ പി.ഡി.എസ് സബ്സിഡി മണ്ണെണ്ണയുടെ വിഹിതം ഓരോ സാമ്പത്തിക വർഷത്തിലും കുറവ് വരുത്തുന്നത് മൂലം മണ്ണെണ്ണ മൊത്തവ്യാപാരികൾക്ക് മൂന്ന് മാസത്തിൽ ഒരിക്കൽ ആണ് ലോഡ് നൽകുന്നത്. നോൺ-സബ്സിഡി മണ്ണെണ്ണയുടെ അലോട്ട്മെന്റ് ഉള്ളതിനാലാണ് പല ഡിപ്പോകളും നിലവിൽ പ്രവർത്തിക്കുന്നത്. നോൺ-സബ്സിഡി മണ്ണെണ്ണയുടെ വിതരണം മത്സ്യഫെഡിന് നൽകുകയാണെങ്കിൽ മണ്ണെണ്ണ മൊത്ത വ്യാപാരികൾക്ക് സബ്സിഡി മണ്ണെണ്ണയുടെ വിതരണം മാത്രം ആശ്രയിക്കേണ്ടി വരുകയും ആയത് മണ്ണെണ്ണ ഡിപ്പോയുടെ പ്രവർത്തനം നിർത്താൻ ഇടയാക്കുകയും റേഷൻ കടകൾ വഴിയുള്ള മണ്ണെണ്ണ വിതരണത്തിന് തടസ്സം നേരിടുകയും ചെയ്യും. വർഷങ്ങളായി നല്ല രീതിയിൽ തുടർന്ന് വരുന്ന മണ്ണെണ്ണ വിതരണം വകുപ്പിൽ നിന്നും മാറ്റുന്നത് ഒട്ടും ഗുണകരമാവില്ല.<br>(31.05.2023-ലെ സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആവശ്യപ്പെടുകയും ചെയ്തു.) |
| | <u>31.05.2023-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം.</u><br>സിവിൽസപ്ലൈസ് ഏജൻസികളെ ഒഴിവാക്കി നോൺ-സബ്സിഡി ഇനത്തിൽ ലഭിക്കുന്ന മണ്ണെണ്ണ മത്സ്യഫെഡ് മുഖാന്തിരം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക. | **<u>ഭക്ഷ്യപൊതുവിതരണ(ഡി) വകുപ്പ് (04.01.2025-ലെ ഡി3/139/2022/ഭ.പൊ.വി.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br><br>മത്സ്യഫെഡിന്റെ 13 ബങ്കുകൾക്ക് പുറമെ കൂടുതൽ ബങ്കുകൾ സ്ഥാപിച്ച് മത്സ്യഫെഡ് മുഖേന മണ്ണെണ്ണ വിതരണം ചെയ്യണമെന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യക്തമായ തീരുമാനമെടുത്തത് സംബന്ധിച്ച ഉത്തരവുകളൊന്നും ഭക്ഷ്യ പൊതുവിതരണ വകുപ്പിലോ മത്സ്യബന്ധന തുറമുഖ വകുപ്പിലോ ലഭ്യമല്ല.<br>സംസ്ഥാനത്തിന് അനുവദിച്ച് തരുന്ന PDS സബ്സിഡി, നോൺ സബ്സിഡി മണ്ണെണ്ണയുടെ വിഹിതം ഓരോ സാമ്പത്തിക വർഷത്തിലും കേന്ദ്രസർക്കാർ കുറച്ചുകൊണ്ടുവരുന്ന സ്ഥിതിയാണ് നിലവിലുള്ളത്.മത്സ്യബന്ധന/കാർഷിക, മറ്റ് |

| | | |
|---|---|---|
| | | പ്രത്യേക ആവശ്യങ്ങൾ എന്നിവയ്ക്കായി കേന്ദ്രസർക്കാർ അനുവദിച്ച് തരുന്ന നോൺ-സബ്സിഡി മണ്ണെണ്ണയിൽ നിന്നുമാണ് മത്സ്യബന്ധന മേഖലയ്ക്ക് പെർമിറ്റ് അടിസ്ഥാനത്തിൽ മണ്ണെണ്ണ നൽകി വരുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ 7776 KL PDS മണ്ണെണ്ണയും 3300 KL നോൺ സബ്സിഡി മണ്ണെണ്ണയും, 2024-25 സാമ്പത്തിക വർഷത്തിൽ ഇതുവരെ 2340 KL PDS മണ്ണെണ്ണയും 648 KL നോൺ സബ്സിഡി മണ്ണെണ്ണയും മാത്രമാണ് സംസ്ഥാനത്തിന് ലഭ്യമായത്. മണ്ണെണ്ണയുടെ അലോട്ട്മെന്റ് കുറയുന്ന സാഹചര്യത്തിൽ വ്യാപാരം മുന്നോട്ട് കൊണ്ടുപോവാൻ പ്രയാസമാണെന്ന് വ്യാപാരികൾ അറിയിച്ചിട്ടുണ്ടെന്നും നോൺ-സബ്സിഡി മണ്ണെണ്ണയുടെ അലോട്ട്മെന്റ് ഉള്ളതിനാലാണ് പല ഡിപ്പോകളും നിലവിൽ പ്രവർത്തിക്കുന്നതെന്നും നോൺ-സബ്സിഡി മണ്ണെണ്ണയുടെ വിതരണം മത്സ്യഫെഡിന് നൽകുകയാണെങ്കിൽ മണ്ണെണ്ണ മൊത്തവ്യാപാരികൾക്ക് സബ്സിഡി മണ്ണെണ്ണയുടെ വിതരണം മാത്രം ആശ്രയിക്കേണ്ടി വരുകയും ആയത് മണ്ണെണ്ണ ഡിപ്പോയുടെ പ്രവർത്തനം നിർത്താൻ ഇടയാക്കുകയും റേഷൻ കടകൾ വഴിയുള്ള മണ്ണെണ്ണ വിതരണത്തിന് തടസ്സം നേരിടുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാക്കുകയും ചെയ്യുമെന്നും പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.ആയതിനാൽ മണ്ണെണ്ണ വിതരണം വകുപ്പിൽ തന്നെ തുടരുന്നതാണ് ഉചിതം എന്ന വിവരം അറിയിക്കുന്നു.<br>(05.06.2025-ലെ സമിതി യോഗം അംഗീകരിച്ചു.) |
| 3. | മത്സ്യബന്ധന മേഖലയിൽ തൊഴിലെടുക്കുന്ന എല്ലാവരും, അവരുടെ ഉപകരണങ്ങളും ഇൻഷ്വറൻസിനും രജിസ്ട്രേഷനും വിധേയമാണെന്ന് ഉറപ്പുവരുത്തുവാൻ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നം.17)** | **<u>മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്</u>**<br>**<u>(28.07.2023-ലെ ബി3/412/2021/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>കേരളത്തിലെ മത്സ്യബന്ധന മേഖലയിൽ തൊഴിലെടുക്കുന്ന എല്ലാപേരും അവരുടെ മത്സ്യബന്ധനയാനങ്ങൾ ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്യണമെന്ന് KMFR ആക്ടിലെ വകുപ്പ് 9-ൽ നിഷ്കർഷിക്കുന്നു. രജിസ്റ്റർ ചെയ്യാതെ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന യാനങ്ങൾ കണ്ടുകെട്ടുകയും KMFR ആക്റ്റിലെയും റൂളിലെയും |

| | | |
|---|---|---|
| | | നിശ്ചിത വകുപ്പുകൾ പ്രകാരം പിഴ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.<br>പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് 2018 മുതൽ ഫിഷറീസ് വകുപ്പ് ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.ഹള്ളിനും ഒരു എഞ്ചിനും ആണ് ഇൻഷ്വറൻസ് പരിരക്ഷയുള്ളത്. പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കി വരുന്നത്.നടപ്പു സാമ്പത്തിക വർഷവും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>(05.01.2024-ലെ സമിതി യോഗം അംഗീകരിച്ചു.) |
| 4. | മത്സ്യത്തൊഴിലാളികളെക്കുറിച്ചുള്ള വ്യക്തമായ കണക്കും വിവരങ്ങളും അതതു പ്രദേശത്തെ ഫിഷറീസ് ഓഫീസുകളിൽ സൂക്ഷിക്കണമെന്നും ഇക്കാര്യത്തിൽ വകുപ്പ് കൂടുതൽ ജാഗ്രത കാണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നം.18)** | **<u>മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്</u>**<br>**<u>(28.07.2023-ലെ ബി3/412/2021/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച വ്യക്തമായ കണക്കുകളും വിവരങ്ങളും അതാത് പ്രദേശത്തെ മത്സ്യഭവൻ ഓഫീസുകളിൽ ലഭ്യമാണ്. അതാത് ഫിഷറീസ് ഓഫീസിന് കീഴിൽ വരുന്ന മത്സ്യത്തൊഴിലാളികളെ ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ഫിംസ്) ആപ്ലിക്കേഷനിൽ രജിസ്ട്രേഷൻ നടത്തുന്നതും അവരുടെ വിവരങ്ങൾ പരിശോധിച്ച് അംഗീകരിക്കുകയും ചെയ്യുന്നതും ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർമാരാണ്. എല്ലാ മത്സ്യത്തൊഴിലാളികളെയും ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ഫിംസ്) ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.<br>(05.01.2024-ലെ സമിതി യോഗം അംഗീകരിച്ചു.) |
| 5 | ക്ഷേമനിധി അംഗത്വം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അന്വേഷണം നിഷ്പക്ഷവും കുറ്റമറ്റതുമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നം.19)** | **<u>മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്</u>**<br>**<u>(28.07.2023-ലെ ബി3/412/2021/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>ക്ഷേമനിധി അംഗത്വത്തിനായി 2022 മുതൽ ഫിംസ് മുഖാന്തിരം ഓൺലൈൻ ആയാണ് അപേക്ഷ സ്വീകരിക്കുന്നത്.മത്സ്യത്തൊഴിലാളി അംഗത്വ അപേക്ഷകളിൽ ഫിഷറീസ് ഓഫീസർമാർ ഫീൽഡ് തലത്തിൽ അന്വേഷണം നടത്തി അർഹരായ അംഗങ്ങളുടെ കരട് പട്ടിക തയ്യാറാക്കുന്നു.കരട് പട്ടികയിൽ ഉൾപ്പെടാത്തവർക്ക് വീണ്ടും ഫിഷറിസ് ഓഫീസർമാർക്ക് അപ്പീൽ |

| | | |
|---|---|---|
| | | നൽകുന്നതിനു അവസരമുണ്ട്.അങ്ങനെ രണ്ട് തരത്തിൽ പരാതി പരിഹരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.ജില്ലാ ഫിഷറീസ് ഓഫീസറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആണ് അന്തിമ പട്ടിക തയ്യാറാക്കുന്നത്.അനുബന്ധത്തൊഴിലാളി അംഗത്വ അപേക്ഷകളിൽ ഫീൽഡ് തല അന്വേഷണം നടത്തി ഫിഷറീസ് ഓഫീസർ പ്രസിദ്ധീകരിച്ച കരട് പട്ടികയിൽ പരാതി ഉള്ളവർക്ക് മത്സ്യബോർഡ് റീജിയണൽ എക്സിക്യൂട്ടീവിന് അപ്പീൽ സമർപ്പിക്കാവുന്നതാണ്. റീജിയണൽ എക്സിക്യൂട്ടിവിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുബന്ധത്തൊഴിലാളി പട്ടിക അന്തിമമായി പ്രസിദ്ധീകരിക്കുന്നു.ഇവിടെയും പരാതി പരിഹരിക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്.അതിനാൽ തന്നെ അർഹരായ എല്ലാ അപേക്ഷകരേയും പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയുന്നതാണ്.സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഈ കാര്യങ്ങൾ ജാഗ്രതയോടെ<br>നിർവ്വഹിക്കണമെന്നും അർഹരായവർ പട്ടികയിൽ ഉൾപ്പെടാതെ വരുന്ന സാഹചര്യം ഉണ്ടാവരുതെന്നും ഫിഷറീസ് ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.<br>(05.01.2024-ലെ സമിതി യോഗം അംഗീകരിച്ചു.) |
| 6 | മത്സ്യബന്ധനം നടത്തുന്നവരിൽ നിന്നും മത്സ്യവില്പനക്കാരിലേക്ക് നേരിട്ട് മത്സ്യമെത്തിക്കുന്നതിന് സംവിധാനമൊരുക്കി ഈ മേഖലയിലെ ചൂഷണം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നം.20)** | **മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**<br>**(28.07.2023-ലെ ബി3/412/2021/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>മത്സ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വ പൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കു വേണ്ടി 2021-ലെ കേരള മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് നിയമസഭ പാസ്സാക്കിയിട്ടുള്ളതും ആയതിന്റെ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.ടി നിയമ പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചു കൊണ്ടു വരുന്ന മത്സ്യങ്ങൾ ഇടനിലക്കാരുടെ ഇടപെടലുകൾ |

| | | |
|---|---|---|
| | | ഇല്ലാതെ സ്വതന്ത്രവും നീതിയുക്തവുമായി വില്പന നടത്തുവാൻ സാധിക്കുന്നതും അതുവഴി മത്സ്യങ്ങൾക്ക് ന്യായമായ വില ലഭ്യമാകുന്നതുമാണ്. (05.01.2024-ലെ സമിതി യോഗം അംഗീകരിച്ചു.) |
| 8 | മത്സ്യബന്ധനത്തിനിടെ ഹൃദയാഘാതം, സ്ട്രോക്ക് തുടങ്ങിയ രോഗങ്ങൾമൂലം മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് നല്കുന്ന സഹായത്തിൽ വർദ്ധന വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നം.21)** | **മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ് (28.07.2023-ലെ ബി3/412/2021/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>മത്സ്യബന്ധനത്തിനിടെ അപകടം മൂലമല്ലാതെ മത്സ്യത്തൊഴിലാളികൾക്ക് മരണം സംഭവിച്ചാൽ നിലവിൽ 50,000 രൂപയാണ് ധനസഹായമായി നൽകി വരുന്നത്. ഹൃദയാഘാതം, സ്ട്രോക്ക് എന്നിവ മത്സ്യബന്ധനത്തിനിടെ സംഭവിച്ച് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നൽകാവുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന വിഷയം കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ 162-ാം ഡയറക്ടർ ബോർഡ് യോഗത്തിൽ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ബോർഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി ക്ഷേമ പദ്ധതികളുടെ ധനസഹായം വർദ്ധിപ്പിക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ ഇക്കാര്യത്തിൽ ബോർഡിന്റെ ധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഈ ക്ഷേമ പദ്ധതി ധനസഹായങ്ങൾ വർദ്ധിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണെന്ന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്.<br>(05.01.2024-ലെ സമിതി യോഗം അംഗീകരിച്ചു.) |
| 9 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്കൊപ്പം അനുബന്ധ തൊഴിലാളികളുടെ മക്കൾക്കും വിദ്യാഭ്യാസാനുകൂല്യം നൽകുന്ന കാര്യം പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നം.22)** | **മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ് (28.07.2023-ലെ ബി3/412/2021/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>G.O (Ms) No. 47/14/F&PD dated 09.06.2014 പ്രകാരമാണ് നിലവിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിച്ചു നൽകുന്നത്.ടി ഉത്തരവ് പ്രകാരം അനുബന്ധ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുവാൻ കഴിയുകയില്ല. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന വിദ്യാഭ്യാസ ധനസഹായം അനുബന്ധ തൊഴിലാളിക്കും നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.<br>(05.01.2024-ലെ സമിതി യോഗം റിപ്പോർട്ട് അംഗീകരിച്ചു.) |

<table>
<tr>
<td>10</td>
<td>മാറാരോഗമോ മാരകരോഗമോ ബാധിച്ച അനുബന്ധ തൊഴിലാളികൾക്ക് കൂടി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക നം.25)</td>
<td><u>മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ് (28.07.2023-ലെ ബി3/412/2021/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u><br>
കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് മാരക രോഗ ചികിത്സാ പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു
<table>
<tr><th>ക്രമ നം.</th><th>രോഗം</th><th>മത്സ്യത്തൊഴിലാളി ധനസഹായ തുക</th></tr>
<tr><td>1</td><td>ഹൃദ്രോഗം</td><td>50,000 രൂപ</td></tr>
<tr><td>2</td><td>വൃക്ക രോഗം</td><td>50,000 രൂപ</td></tr>
<tr><td>3</td><td>ക്യാൻസർ</td><td>50,000 രൂപ</td></tr>
<tr><td>4</td><td>തലച്ചോറിലെ ട്യൂമർ</td><td>50,000 രൂപ</td></tr>
<tr><td>5</td><td>തളർവാതം</td><td>12,000 രൂപ</td></tr>
<tr><td>6</td><td>ചികിത്സിച്ച് ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം</td><td>5000 രൂപ</td></tr>
</table>
കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന അനുബന്ധത്തൊഴിലാളികൾക്ക് മാരകരോഗ ചികിത്സാ പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നമ്പർ</th><th>രോഗം</th><th>മത്സ്യത്തൊഴിലാളി ധനസഹായ തുക</th></tr>
<tr><td>1</td><td>ഹൃദ്രോഗം</td><td>25,000 രൂപ</td></tr>
<tr><td>2</td><td>വൃക്ക രോഗം</td><td>25,000 രൂപ</td></tr>
<tr><td>3</td><td>ക്യാൻസർ</td><td>25,000 രൂപ</td></tr>
<tr><td>4</td><td>തളർവാതം</td><td>10,000 രൂപ</td></tr>
<tr><td>5</td><td>ചികിത്സിച്ച് ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം</td><td>10,000 രൂപ</td></tr>
<tr><td>6</td><td>ഗർഭാശയ സംബന്ധമായ രോഗം</td><td>5,000 രൂപ</td></tr>
</table>
</td>
</tr>
</table>

| | | |
|---|---|---|
| | | മാരകരോഗ ചികിത്സാ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും നൽകി വരുന്ന ധനസഹായ തുക ഒരേ നിരക്കിൽ ക്രമീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ 170-ാം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഡയറക്ടർ ബോർഡ് യോഗം അംഗീകരിച്ചിട്ടുള്ളതായി ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>കൂടാതെ ഫിഷറീസ് വകുപ്പ് മുഖേന 2021-22 മുതൽ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും തുടർ ചികിത്സയ്ക്കായി ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 2021-22 ൽ ടി പദ്ധതി തീരാരോഗ്യം എന്ന പേരിലാണ് നടപ്പിലാക്കിയത്. 2022-23 മുതൽ സാന്ത്വന തീരം എന്ന പേരിലാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. ടി പദ്ധതി പ്രകാരം ഇരു വിഭാഗങ്ങൾക്കും ഒരേ നിരക്കിലാണ് തുടർ ചികിത്സാ ധനസഹായം അനുവദിച്ചു വരുന്നത്.<br><br>(05.01.2024-ലെ സമിതി യോഗം അംഗീകരിച്ചു.) |
| 11 | ചാവക്കാട് കടപ്പുറം പഞ്ചായത്തിലെ സുനാമി കോളനിയിൽ റവന്യൂ, ഫിഷറീസ് അധികൃതർ പരിശോധന നടത്തി മൂന്ന് മാസത്തിനുള്ളിൽ എല്ലാ അനർഹരെയും ഒഴിപ്പിക്കാൻ കർശന നടപടി സ്വീകരിക്കണമെന്നും അവ അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | <u>മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്</u><br><br><u>(28.07.2023-ലെ ബി3/412/2021/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u><br><br>ചാവക്കാട് താലൂക്കിലെ കടപ്പുറം സുനാമി കോളനിയിൽ ആകെ 224 വീടുകൾ സുനാമി പുനരധിവാസ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ളതും 121 ഗുണഭോക്താക്കൾക്ക് പട്ടയം അനുവദിച്ചിരുന്നതും ആണ്. സമിതിയുടെ ശുപാർശ പ്രകാരം കഴിഞ്ഞ പട്ടയ മേളയിൽ 14.05.2023-ന് 14 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. കൂടാതെ സുനാമി ഗുണഭോക്താക്കളുടെ മക്കളും അടുത്ത ബന്ധുക്കളുമായ 32 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അനധികൃത മായി താമസിക്കുന്ന 57 കുടുംബാംഗങ്ങളെ ഒഴിപ്പിക്കുന്നതിനായി ജില്ലാ |

| | | |
|---|---|---|
| | | കളക്ടറുടെ നിർദ്ദേശ പ്രകാരം KLC ആക്ട് പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(05.01.2024-ലെ സമിതി യോഗം അംഗീകരിച്ചു.) |

തിരുവനന്തപുരം
2026 ഫെബ്രുവരി 3

പി.പി. ചിത്തരഞ്ജൻ,
ചെയർപേഴ്സൺ,
മത്സ്യത്തൊഴിലാളികളുടെയും
അനുബന്ധ തൊഴിലാളികളുടെയും
ക്ഷേമം സംബന്ധിച്ച സമിതി.